3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 590(5)/19/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 4383/SIC-G7/2019-**

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി – 10.12.2022**

**ശ്രീ. ആന്റണി ഡൊമനിക്,**
**സഹായഗിരി പി.ഒ,**
**മറയൂർ, ദേവികുളം താലൂക്ക്,**
**ഇടുക്കി – 685 620** — **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**മറയൂർ വില്ലേജ് ഓഫീസ്,**
**ഇടുക്കി.**

**അപ്പീൽ അധികാരി,**
**താലൂക്ക് ഓഫീസ്, ദേവികുളം.** — **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 24.07.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 13.08.2018 |
| ഒന്നാംഅപ്പീൽ | 11.09.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 26.09.2018 |
| രണ്ടാംഅപ്പീൽ | 14.03.2019 |

1. അപ്പീൽ ഹർജിക്കാരൻ ദേവികുളം താലൂക്ക് ഓഫീസിലെ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത് മറയൂർ വില്ലേജ് ഓഫീസിന് പുറക് വശം നിർമ്മിച്ചിട്ടുള്ള പുതിയ വില്ലേജ് കെട്ടിടത്തിൽ താമസിക്കുന്നതിന് ആർക്കെങ്കിലും അനുവാദം നൽകിയിരുന്നോ, നൽകിയിട്ടുണ്ടെങ്കിൽ എച്ച്.ആർ.എ ഇനത്തിൽ ലഭിച്ച തുക, താമസാനുവാദം

നൽകിയിട്ടില്ലെങ്കിൽ ടി ഇനത്തിൽ ഒരു വർഷക്കാലമായി വില്ലേജ് ജീവനക്കാർ ടി കെട്ടിടത്തിൽ താമസിച്ചു വരുന്നതിനാൽ സർക്കാരിനുണ്ടായ നഷ്ടം എന്നിങ്ങനെയുള്ള വിവരമാണ്.

2. പ്രസ്തുത അപേക്ഷയിൻമേൽ ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വ്യക്തമായ വിവരം ലഭിക്കാത്തിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 24.01.2022 തീയതി നടത്തിയ ഹിയറിംഗിൽ എസ്.പി.ഐ.ഒയും അപ്പീൽ ഹരജിക്കാരനും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി.

3. ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് വിവരം നൽകി എന്നാണ്. വില്ലേജ് ഓഫീസിലെ ജീവനക്കാർക്ക് താമസിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിൽ താമസിക്കുന്നതിന് തൽക്കാലത്തേക്ക് അനുവാദം നൽകിയിരുന്നുവെന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള കാലയളവിൽ ജീവനക്കാർ തമസിച്ചിരുന്നില്ലായെന്നും അനധികൃതമായി ആരും താമസിക്കുന്നില്ലായെന്നും കമ്മീഷനെ എസ്.പി.ഐ.ഒയെ അറിയിക്കുകയുണ്ടായി.

4. അപേക്ഷയ്ക്ക് വ്യക്തമായ വിവരം നൽകിയിരുന്നില്ലായെന്നും തെറ്റിദ്ധരിപ്പിക്കുന്ന വിവരമാണ് നൽകിയിക്ട്ടുള്ളതെന്നും വിവരം കൃത്യമായി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുമാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും ഹർജിക്കാരന്റെ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപേക്ഷയുമായി ബന്ധപ്പെട്ട കൃത്യമായ വിവരം നൽകിയിട്ടില്ല എന്ന ഹർജിക്കാരന്റെ പരാതി പരിഗണിച്ച് അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തമായ വിവരം നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. ഈ ഉത്തരവ് കിട്ടി 10 ദിവസത്തിനുള്ളിൽ കമ്മീഷൻ നിർദ്ദേശ് നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. ഇപ്രകാരം ഈ അപ്പീൽ ഹർജി തിർപ്പാക്കി **ഇന്നേ ദിവസം 2022 ഡിസംബർ മാസം 10–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി